ക്ഷനായി ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുകയും ടി സമിതി കാലാ കാലങ്ങളിൽ യോഗം ചേർന്ന് വിവിധ വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടി കൾ തീരുമാനിച്ച് അതാത് വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കി വരുന്നു.

ട്രാഫിക് സിഗ്നൽ ലൈറ്റ് സമ്പ്രദായം ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. ആവശ്യമെന്നു തോന്നുന്ന റോഡുകളിൽ'വൺവേ' സമ്പ്രദായം ഏർപ്പെടുത്തിയും ഗതാഗത നിയന്ത്രണത്തിന് ട്രാഫിക് പോലീസുകാരെ നിയോഗിച്ചും ആവശ്യം വേണ്ട സ്ഥലങ്ങളിൽ ട്രാഫിക് ഐലന്റുകൾ സ്ഥാപിച്ചും ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടുപിടിച്ച് നിയമാനു സൃത നടപടികൾ സ്വീകരിച്ചും വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി സ്പീഡ് റഡാർ, ബ്രെത്ത് അനലൈസർ എന്നീ ശാസ്ത്രീയ ഉപകരണങ്ങളും ഉപയോഗിച്ചു വരുന്നു. ഇതിനും പുറമെ വാഹനത്തിരക്കുള്ള കവലകളിലും മറ്റും ശാസ്ത്രീയമായി മീഡിയനുകൾ സ്ഥാപിച്ചും ആവശ്യമുള്ള സ്ഥലങ്ങളിൽ ബംബുകൾ നിർമ്മിച്ചും വളവുകളിൽ റോഡുകൾക്ക് വേണ്ടത്ര സൂപ്പർ എലിവേഷൻ കൊടുത്തും വാഹനാപകട ങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകളെ അപകടവിമുക്തമാക്കുന്ന താണ്.

(സി) ഉണ്ട്. 1997-ൽ.

(ഡി) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ഇ) ഇല്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ജി)&(എച്ച്)ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ഐ) വാഹനത്തിരക്കുള്ളതും അപകടങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയു ള്ളതുമായ ജംഗ്ഷനുകളിലും റോഡുകളിലും വേഗത നിയന്ത്രിക്കുന്നതിനും അപകടം ഒഴിവാക്കുന്നതിനും വൺവേ സമ്പ്രദായം ഏർപ്പെടുത്തിയും ബമ്പു കൾ സ്ഥാപിച്ചും ട്രാഫിക് ബൈൽ ബാരക്കുകൾ സ്ഥാപിച്ചും സിഗ്നൽ ലൈറ്റു കൾ സ്ഥാപിച്ചും ആവശ്യമായ ട്രാഫിക് പോലീസുകരെ നിയോഗിച്ചും വേണ്ട നിയന്ത്രണങ്ങൾ ഏർപ്പെടുത്തി വരുന്നുണ്ട്.

(ജെ) നാഷണൽ ഹൈവേകളിൽ ബംബുകൾ നിർമ്മിക്കാൻ പാടി ല്ലെന്നു കേന്ദ്ര നിർദ്ദേശമുണ്ട്. ആയതിനാൽ റബ്ബർ സ്ട്രിപ്സ് നിർമ്മിച്ചിട്ടുണ്ട്. മറ്റു ഭാഗങ്ങളിൽ സ്പോൺസർഷിപ്പിലായും കേന്ദ്ര ഫണ്ടുപയോഗിച്ചും സൈൻബോഡുകൾ വയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(കെ) നാഷണൽ ഹൈവേകളിൽ വാഹനങ്ങൾ പരിശോധിക്കുന്ന തിന് ഹൈവേ പട്രോളിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അവശ്യസാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനം

20 (*20)ശ്രീ. പി. രാജു :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

ശ്രീമതി മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) അവശ്യസാധനങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി ശാസ്ത്രീയമായ സംവിധാനങ്ങൾ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത് ലഭ്യമാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) റേഷനിംഗ് ഓർഡറിന്റെ പരിധിയിൽ വരുന്ന അരി, ഗോതമ്പ് എന്നിവ കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ ഫുഡ് കോർപ്പറേഷനാണ് സൂക്ഷിച്ചു വരുന്നത്. അവശ്യസാധനങ്ങൾ സൂക്ഷിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിവയും പ്രവർത്തിച്ചു വരുന്നു. കൂടാതെ സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനവും ഈ മേഖലയിൽ ലഭ്യമാണ്.

(ബി)&(സി) ഉണ്ട്. ഗോഡൗണുകളിൽ സംഭരിക്കുന്ന സാധനങ്ങൾ കീടബാധയുണ്ടാകാതെ സൂക്ഷിക്കുക, ഭക്ഷ്യധാന്യങ്ങളുടെ ഈർപ്പശതമാനം അടിസ്ഥാനമാക്കി ഉള്ള വിതരണ രീതി എന്നിവ ശാസ്ത്രീയമായിതന്നെ നിയന്ത്രിച്ചു വരുന്നു.

ഇതിനുവേണ്ടി എല്ലാ റീജിയണിലും ക്വാളിറ്റി കൺട്രോളറും അതിലേക്കു വേണ്ട ശാസ്ത്രീയ ഉപകരണങ്ങളും പ്രദാനം ചെയ്തിട്ടുണ്ട്.

വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം

21 (*21)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനായി അതോറിറ്റികൾ രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് അതോറിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly